കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് - വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് പദ്ധതി നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.3897/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 04.12.2017.

---

പരാമർശം : ശ്രീ.രാജു എബ്രഹാം എം.എൽ.എ യുടെ 27.11.17 ലെ കത്ത്

## ഉത്തരവ്

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ ശബരിമല സീസണോട് അനുബന്ധിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് രണ്ട് തവണ ഇ-ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്നും വഴിവിളക്കുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാകയാൽ അടിയന്തിരമായി ക്വട്ടേഷൻ ക്ഷണിച്ച് പദ്ധതി നടപ്പാക്കാൻ വേണ്ട അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ശ്രീ.രാജു എബ്രഹാം എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമലപാതയിലെ പ്രധാന ഇടത്താവളങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് ആയതിനാൽ ഇടത്താവളങ്ങളിലും തീർത്ഥാടനപാതകളിലും ലൈറ്റുകൾ സ്ഥാപിക്കേണ്ട അടിയന്തര സാഹചര്യം പരിഗണിച്ച് ക്വട്ടേഷൻ ക്ഷണിച്ച് തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങുന്നതിന് വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.രാജു എബ്രഹാം എം.എൽ.എ.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
പ്രസിഡന്റ്/സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ